**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3044** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ റീബിൽഡ് കേരള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | റീ ബിൽഡ് കേരള ഇനീഷിയേറ്റിവിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃർത്തികൾക്കാണ് സർക്കാർ അനുമതി കൊടുത്തിട്ടുള്ളത്; | (എ) | കൊയിലാണ്ടി-താമരശ്ശേരി മുക്കം അരീക്കോട് ഇടവണ്ണ റോഡ് പുനർനിർമാണ പദ്ധതി. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് 16/02/2021-ൽ കരാർ നൽകിയിട്ടുണ്ട്. സൈറ്റ് എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ, സർവേ ജോലികൾ, ഘടന രൂപകൽപ്പന, മിക്സ് ഡിസൈനുകൾ എന്നിവ പുരോഗമിക്കുന്നു. |
| (ബി) | കക്കയം ഡാം സൈറ്റിലേക്ക് എത്തിച്ചേരാനുള്ള ഏകരൂൽ കക്കയം ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതിയിൽ അനുമതി നൽകിയിട്ടുണ്ടോ; അനുമതിയ്ക്കായി സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ എന്നും അറിയിക്കാമോ; | (ബി) | 2021 മേയ് 17-ന് ചേർന്ന ആർ.കെ.ഐയുടെ ഉന്നതാധികാര സമിതി (എച്ച്.എൽ.ഇ.സി) യോഗം കക്കയം ഡാം സൈറ്റിലേക്ക് എത്തിച്ചേരാനുള്ള ഏകരൂൽ കക്കയം ഡാം സൈറ്റ് റോഡ് നവീകരണത്തിനുള്ള പദ്ധതി രൂപരേഖ പരിഗണിക്കുകയും, റീ ബിൽഡ് കേരള പദ്ധതിയുടെ കീഴിൽ പ്രസ്തുത പദ്ധതി ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. |
| (സി) | 2016 ലും, 2017 ലും ഉണ്ടായ പ്രളയത്തിൽ തകർന്ന ഇ. കെ. ഡി റോഡ് നവീകരിക്കുന്നതിന് റീ ബിൽഡ് കേരള പദ്ധതിയിൽ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ